"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — ചൊക്ലി ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.14 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.545/2023/LSGD തീയതി,തിരുവനന്തപുരം, 03-03-2023

---

പരാമർശം:-
1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.03.2022 ലെ പി എ എൻ/1652/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.11.2022 ലെ ഡി.കെ.എസ്.എ /1208/പി.റ്റി3(പി.റ്റി2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമപഞ്ചായത്തിലെ കിണർ നിർമ്മാണം പ്രവർത്തിയ്ക്ക് ചെലവായ 1,53,674/- രൂപ പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച അക്രഡിറ്റഡ് ഏജൻസിയായ PICOS ന് അത്തരം പ്രവൃത്തികൾ ചെയ്യുന്നതിനുള്ള സർക്കാർ അംഗീകാരം ഇല്ലാത്തതിനാൽ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള റിപ്പോർ ട്ടിൽ സിവിൽ പ്രവർത്തികൾ എന്ന നിലയിലാണ് കിണർ നിർമ്മാണം PICOS നെ ഏൽ പ്പിച്ചതെന്നും സൊസൈറ്റി എഗ്രിമെന്റ് വെച്ച് പ്രവൃത്തി നല്ല രീതിയിൽ പൂർ ത്തീകരിച്ചിട്ടുണ്ടെന്നും നിലവിലുള്ള എല്ലാ കിണറുകളും ഉപയോഗയോഗ്യമാണെന്നും ഇതിനു വേണ്ടി ചെലവഴിച്ച തുക നഷ്ടമല്ലായെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ഉത്തമബോധ്യമായിട്ടുള്ളതും, കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി തടസ്സപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ ( റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിനാൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം ( 2 ) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സ ർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമപഞ്ചായത്തിലെ കിണർ നിർമ്മാണം പ്രവർത്തിയ്ക്ക് ചെലവായതും ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 - 1 4 പ്രകാരം തടസ്സപ്പെടുത്തിയതുമായ **1,53,674/- (ഒരു ലക്ഷത്തി അമ്പത്തിമൂവായിരത്തി അറുനൂറ്റി എഴുപത്തി നാല് രൂപ മാത്രം ) രൂപയുടെ** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചൊക്ലി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ